**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത** | **10.07.2012 ൽ** |
| **ചോദ്യം നമ്പർ. 5981** | **മറുപടിയ്ക്ക്** |

**പി.എം.ജി.എസ്.വൈ. പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. രാജു എബ്രഹാം** | **ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)** |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | **പി.എം.ജി.എസ്.വൈ. പദ്ധതിയുടെ പുതിയ ഫേസിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ ജില്ലതിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;** | എ) | പി.എം.ജി.എസ്.വൈ പദ്ധതിയുടെ പുതിയ ഫേസിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തികളുടെ പട്ടിക തയ്യാറാക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. ഓരോ ജില്ലയിൽ നിന്നും ലഭിച്ച ശുപാർശ സ്റ്റേററ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് അന്തിമ രൂപം നൽകുന്നതാണ്. ലഭിച്ച ശുപാർശകളുടെ ജില്ല തിരിച്ചുള്ള ദൈർഘ്യം, ഏകദേശ ചിലവും അനുബന്ധമായി ചേർത്തിരിക്കുന്നു. ഫേസ് VIII ൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ അനുവദിച്ചിരിക്കുന്നത് 720 കി.മി ആണ്. |
| ബി) | **ടെൻഡർ എടുത്താൽ ആളില്ലാത്ത പശ്ചാത്തലത്തിൽ ഓരോ പ്രവൃത്തിക്കും സംസ്ഥാന സർക്കാർ എത്ര തുകയാണ് അധികമായി കൊടുക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്;** | ബി) | പി.എം.ജി.എസ്.വൈ പ്രവർത്തികൾ ഏറ്റെടുക്കുന്നതിൽനിന്നും കാരാറുകാർ പിൻവാങ്ങുന്ന സാഹചര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരമാവധി 35% വരെ തുക ടെണ്ടർ പ്രീമിയം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| സി) | **ഇത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?** | സി) | ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു |

**സെക്ഷൻ ഓഫീസർ**

അനുബന്ധം I

| Sl. No | Name of Districts | Total Length (in KM) | Total Cost (in lakh) |
|---|---|---|---|
| 1 | Alappuzha | 167.89 | 12431.23 |
| 2 | Ernakulam | 283.76 | 14203.00 |
| 3 | Idukki | 556.20 | 25029.00 |
| 4 | Kannur | 921.48 | 50681.40 |
| 5 | Kasaragod | 388.79 | 15551.60 |
| 6 | Kollam | 153.28 | 10729.60 |
| 7 | Kottayam | 183.54 | 9177.00 |
| 8 | Kozhikode | 199.90 | 11994.00 |
| 9 | Malappuram | 171.47 | 10288.20 |
| 10 | Palakkad | 588.65 | 26489.25 |
| 11 | Pathanamthita | 293.91 | 23512.40 |
| 12 | TVM | 898.18 | 53891.80 |
| 13 | Thrissur | 325.00 | 25999.60 |
| 14 | Wayanad | 127.39 | 8917.30 |
|  | **Total** | **5259.43** | **298895.38** |

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ - പി.എം.ജി.എസ്.വൈ- മുടങ്ങിക്കിടക്കുന്ന റോഡുകളുടെ ടെണ്ടർ പ്രീമിയം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

**തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**സ.ഉ.(കൈ)നം. 176/2012/തസ്വഭവ തിരുവനന്തപുരം, തീയതി 23/06/2012**

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

പരാമർശം:- എൻജി.(ഡി.ബി3)-432/12/കെ.എസ്.ആർ.ആർ.ഡി.എ എന്ന നമ്പറിലെ മെമ്പർ സെക്രട്ടറി, കെ.എസ്.ആർ.ആർ.ഡി.എ യുടെ 31.05.2012 ലെ കത്ത്.

## <u>ഉത്തരവ്</u>

മെമ്പർ സെക്രട്ടറി, കെ.എസ്.ആർ.ആർ.ഡി.എ പരാമർശത്തിലെ കത്ത് പ്രകാരം, മുടങ്ങിക്കിടക്കുന്ന റോഡ് പണികൾ റീടെണ്ടർ ചെയ്യുന്നതിനും, ഏറ്റെടുക്കാത്ത പണികൾക്ക് അധിക ടെണ്ടർ അനുവദിക്കുന്നതിനും ആവശ്യപ്പെട്ടിരിക്കുന്നു. ഇതു സംബന്ധിച്ച വിശദമായ ലിസ്റ്റ് മെമ്പർ സെക്രട്ടറി സമർപ്പിച്ചിരുന്നു.

പി.എം.ജി.എസ്.വൈ- ഫേസ് II മുതൽ ഫേസ് VII വരെ അനുവദിച്ച പ്രവൃത്തികളിൽ പണി മുടങ്ങിക്കിടക്കുകയും, ടെണ്ടർ ലഭിച്ചിട്ടും മതിയായ ടെണ്ടർ പ്രീമിയം നൽകാത്തതിനാൽ എഗ്രിമെന്റ് വയ്ക്കാത്തതും, ഇനി ടെണ്ടർ ചെയ്യുവാനുള്ളതുമായ റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| ക്രമ നമ്പർ | ഇനം | റോഡുകളുടെ എണ്ണം | കേന്ദ്ര വിഹിതം | 2010 ലെ SOR പ്രകാരമുള്ള തുക | പരമാവധി 25% തുക ടെൻഡർ പ്രീമിയമായി നല്കുവാനാവശ്യമായ തുക | പരമാവധി 35% തുക ടെൻഡർ പ്രീമിയമായി നല്കുവാനാവശ്യമായ തുക |
|---|---|---|---|---|---|---|
| 1. | ഫേസ് II മുതൽ ഫേസ് VII വരെ പണി മുടങ്ങിക്കിടക്കുന്ന റോഡുകൾ | 33 | 25.02 | 41.66 | 4.16 | 5.82 |
| 2. | ഫേസ് VII ലെ റോഡുകളിൽ ടെൻഡർ ലഭിച്ചതും 25% ൽ അധികം ടെൻഡർ പ്രീമിയം അനുവദിയ്ക്കേണ്ടതുമായ റോഡുകൾ | 24 | 28.16 | 37.02 | 9.18 | 12.85 |
| 3. | ഫേസ് III മുതൽ ഫേസ് VII വരെ റീടെൻഡർ ചെയ്ത റോഡുകൾ | 247 | 233.32 | 309.96 | 77.49 | 108.49 |
| | ആകെ | 304 | 286.50 | 388.64 | 90.83 | 127.16 |

മുകളിൽ പറഞ്ഞ 304 റോഡുകൾക്കുമായി കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക 286.5 കോടി രൂപയാണ്. മുടങ്ങിക്കിടക്കുന്ന 33 റോഡുകൾക്ക് 2010 SoR അനുസരിച്ചു ടെൻഡർ ചെയ്യുവാൻ വേണ്ട അധിക തുക 41.66 കോടി രൂപയാണ്. ടെൻഡർ ലഭിച്ചതും എഗ്രിമെന്റ് വയ്ക്കുവാനുള്ളതുമായ 24 റോഡുകൾക്ക് പരമാവധി 35% ടെൻഡർ പ്രീമിയം നല്കുവാനാവശ്യമായ തുക 12.85 കോടി രൂപയാണ്. ഫേസ് II മുതൽ ഫേസ് VII വരെയുള്ള 247 റോഡുകൾക്കും മുടങ്ങിക്കിടക്കുന്ന 33 റോഡുകൾക്കും കൂടി നെഗോഷ്യേറ്റ് ചെയ്തു പരമാവധി 35% ടെൻഡർ പ്രീമിയം നല്കുവാനാവശ്യമായ തുക 114.31 (5.82 + 108.49) കോടി രൂപയാണ്.

സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പരാമർശിക്കും പ്രകാരമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ഫേസ് II മുതൽ ഫേസ് VII വരെ മുടങ്ങിക്കിടക്കുന്ന 33 റോഡുകൾക്കും 2010 SoR അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യുക.
2) ടെണ്ടർ ലഭിച്ച 24 റോഡുകൾക്കും, ടെണ്ടർ ചെയ്യുവാനുള്ള 33 റോഡുകൾക്കും, റീടെണ്ടർ ചെയ്ത 247 റോഡുകൾക്കും പരമാവധി 35% തുക ടെണ്ടർ പ്രീമിയം (പരമാവധി അധിക തുക 127.16 കോടി രൂപ) നൽകി വർക്ക് അവാർഡ് ചെയ്യുക.
3) 15.03.2012 ലെ CE/R&B/2012/TVM ഇനം (7) ലെ തീരുമാനപ്രകാരം പൊതുമരാമത്തു വകുപ്പിന് നൽകിയ 42% അധിക ടെണ്ടർ പ്രീമിയം പി.എം.ജി.എസ്.വൈ യ്ക്കും ബാധകമാക്കാവുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ജെയിംസ് വർഗ്ഗീസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മെമ്പർ സെക്രട്ടറി, കെ.എസ്.ആർ.ആർ.ഡി.എ, തിരുവനന്തപുരം.
3. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം.
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
5. പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, തിരുവനന്തപുരം.
6. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും
7. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
8. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
9. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
10. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
11. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
12. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 1857 തീയതി 20.06.12 പ്രകാരം)
13. കരുതൽ ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ